# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4213. 12.11.2019- ൽ മറുപടിക്ക്**

## വ്യാജ കൈത്തറിയുടെ കടന്നുകയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം : | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) വ്യാജ കൈത്തറിയുടെ കടന്നുകയറ്റം പരമ്പരാഗത വ്യവസായത്തെ പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ടോ ; | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന കൈത്തറി/യന്ത്രത്തറി വസ്ത്രങ്ങളുടെ വിൽപ്പന കേരളത്തിലെ പരമ്പരാഗത കൈത്തറി വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കൈത്തറി വസ്ത്രമെന്ന തരത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള പവർലൂം വസ്ത്രം വില്പന നടത്തുന്നത് പരമ്പരാഗത കൈത്തറി വ്യവസായത്തെ എത്ര മാത്രം ദോഷകരമായി ബാധിച്ചു എന്നറിയിക്കാമോ; | (ബി) കൈത്തറി വസ്ത്രമെന്ന തരത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പവർലൂം വസ്ത്രം വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കൈത്തറി മേഖലയുടെ ഉന്നമനത്തിനായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ കൈത്തറി വസ്ത്രനിർമ്മാണ മേഖലയുമായി ബന്ധമില്ലാത്തവർ തട്ടിയെടുക്കുന്ന അവസ്ഥ മാറ്റുന്നതിന് എന്ത് ഇടപെടലാണ് നടത്തുന്നത്; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) വ്യാജ കൈത്തറി വസ്ത്രങ്ങളുടെ വില്പന തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; അത് ഫലപ്രദമാണോ; | (ഡി) കൈത്തറി ഉല്പന്നങ്ങൾ വിപണിയിൽ വില്ക്കുമ്പോൾ കൈത്തറി മാർക്ക് ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൈത്തറി അല്ലാത്ത വസ്ത്രങ്ങൾ വ്യാജ കൈത്തറി മാർക്ക് ഉപയോഗിച്ച് വിപണനം നടത്തിയാൽ ശിക്ഷിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ കൈത്തറിയിൽ മാത്രം നിർമ്മിക്കുന്നതിന് നിയന്ത്രിച്ചിട്ടുള്ള വസ്ത്രങ്ങൾ യന്ത്രത്തറിയിൽ നിർമ്മിക്കുന്നതും 1985 ലെ RAP Act (റിസർവേഷൻ ഓഫ് ആർട്ടിക്കിൾസ് ഓഫ് പ്രൊഡക്ഷൻ) അനുസരിച്ച് ശിക്ഷ ലഭിക്കുന്ന കുറ്റകൃത്യമാണ്. |

| | | |
|---|---|---|
| (ഇ) | ഇല്ലെങ്കിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പരമ്പരാഗത കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) പരമ്പരാഗത കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി വ്യവസായങ്ങളുടെ വികസനത്തിനുമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. യൂണിഫോം പദ്ധതി നടപ്പിലാക്കിയതിന് ശേഷം ഏകദേശം 5000 - ത്തിലധികം നെയ്ത്തു തൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. അവർക്ക് ഒരു സ്ഥിരം ജോലിയും, കൂടുതൽ തൊഴിൽ ദിനങ്ങളും കൂടുതൽ വേതനവും ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിക്കാൻ സാധിച്ചു. പദ്ധതി നിലവിൽ വന്നതിനുശേഷം തൊഴിലാളികൾക്ക് ഒരു സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നുണ്ട്.

## യുവവീവ് പദ്ധതി

കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 18-40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി പരിശീലനം നൽകുന്നതിനും, ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും, തുടർന്ന് മൂന്നു മാസം സ്റ്റൈപന്റും വേതനവും ചേർത്തു നൽകുന്നതാണ്. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഒരു സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി കൈത്തറി ഡയറക്ടർ ചെയർമാനായും, കുടുംബശ്രീ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ കൺവീനർ ആയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാനായും കുടുംബശ്രീ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ കൺവീനർ ആയും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരിശീലനത്തിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും കുടുംബശ്രീയും ചേർന്ന് നിർവഹിക്കുന്നു. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഒരു വീട്ടിൽ ഒരു തറി

2017-2018 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി പ്രകാരം, നെയ്ത്തു അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുകയായ പരമാവധി 40000/- രൂപ സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയ്ക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കൈത്തറി സുരക്ഷാ പദ്ധതി

കൈത്തറി ഉല്പന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ ഇതര നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റെക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് ഹാന്റെക്സ് കൈത്തറി സുരക്ഷാ പദ്ധതി. കേരളത്തിലെ ഒരു ലക്ഷത്തോളം സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വിൽപ്പന സൗകര്യം മുഖേന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയുടെ വിപണനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ബ്രാന്റിംഗ്

കേരളത്തിലെ കൈത്തറി ഉല്പന്നങ്ങൾക്ക് ബ്രാന്റിംഗ് നൽകുന്നതിനായി National Institute of Fashion Technology (NIFT) മായി ചേർന്ന് പദ്ധതി നടപ്പിലാക്കി വരുന്നു. IIHT, Hantex, Hanveev, NIFT എന്നിവരെ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ബ്രാന്റിംഗ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. ബ്രാന്റിംഗ് നടത്തുന്നതുവഴി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുകയും അതുവഴി നെയ്ത്തുകാർക്കും കൈത്തറി മേഖലയ്ക്കും പ്രയോജനം ലഭിക്കുകയും ചെയ്യും.

## നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി (Production Incentive)

അംഗീകൃത നിബന്ധനകളനുസരിച്ച് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവായി ഒരാഴ്ച പരമാവധി 1000/- രൂപ നിരക്കിൽ ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായി ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ ജോലിക്കാരുടെയും ക്ഷമത വർദ്ധിപ്പിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2016-17 വർഷത്തിൽ 311.72 ലക്ഷം രൂപയും 2017-18 വർഷത്തിൽ 860.36 ലക്ഷം രൂപയും 2018-19 വർഷത്തിൽ 500 ലക്ഷം രൂപയും അർഹരായ ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു. ഓരോ സാമ്പത്തിക വർഷവും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും ഉൽപാദനത്തിനുള്ള പ്രോത്സാഹനവും ഉറപ്പാക്കാൻ സാധിച്ചു.

## കൈത്തറി മേഖലയിലെ സ്വയം തൊഴിൽ സഹായ പദ്ധതി

കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപാദനയൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ സംരംഭം. ഈ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും, പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 150000/- രൂപയും സർക്കാർ ഗ്രാന്റായി നൽകി വരുന്നു. സംരംഭകത്വ അഭിരുചിയുള്ള യുവതീയുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സംരംഭങ്ങളിൽ ഏകദേശം 200-ൽ അധികം പുതിയ നെയ്ത്തുകാർ ഈ പരമ്പരാഗതമേഖലയിൽ തൊഴിൽ നേടിയിട്ടുണ്ട്.

## പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള അവാർഡ് പദ്ധതി

പ്രാഥമിക കൈത്തറി സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രവർത്തനമികവ് അവലോകനം ചെയ്തുകൊണ്ട് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രോൽസാഹനം നൽകുക വഴി ആരോഗ്യകരമായ മത്സരവും പുരോഗതിയും ആ രംഗത്ത് കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് പ്രാഥമിക നെയ്ത്തു സംഘങ്ങൾക്കുള്ള അവാർഡ്. 2017-18 വർഷം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ ഈ പദ്ധതി വഴി 3 കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതല അവാർഡുകളും 10 കൈത്തറി സംഘങ്ങൾക്ക് ജില്ലാതല അവാർഡുകളും നൽകുകയുണ്ടായി. സംസ്ഥാനതലത്തിൽ അവാർഡ് തുക 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50000/- രൂപ വീതവും വിതരണം ചെയ്യുകയുണ്ടായി.

**വീവേഴ്സ് ഫെസ്ററ്**

കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാർ അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ഒത്തുചേരലിനും മാനസികോല്ലാസത്തിനും ക്രിയാത്മകമായ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആദ്യമായി 2017-18 ൽ നടപ്പിലാക്കിയ പദ്ധതിയാണ് വീവേഴ്സ് ഫെസ്ററ്.

ഇതുവഴി നെയ്ത്തുകാരുടെ തൊഴിൽ വൈദഗ്ദ്ധ്യം പ്രകടമാക്കുന്നതിനായുള്ള നെയ്ത്ത് മത്സരം, അതുപോലെ ചിത്രരചന, ഡിസൈൻ എന്നീ രംഗങ്ങളിലുള്ള സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കൽ, കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ പ്രയാസങ്ങളെ പങ്കുവെയ്ക്കാൻ ഒരു വേദിയൊരുക്കുക, സർവ്വോപരി കൈത്തറി ഉൽപ്പന്നങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ സാധ്യമാകുമെന്ന് തെളിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തൊമ്പാടും കൈത്തറി മേഖലകൾ തിരിച്ചും ജില്ലാതലങ്ങളിലായും 20 ൽ കൂടുതൽ വേദികളിൽ നെയ്ത്തുകാരുടെ മത്സരങ്ങൾ കലാമേളകളുൾപ്പെടെ Weaver's Fest നടത്തുകയുണ്ടായി.

**കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാ ഗാന്ധി ബങ്കാർ ബീമാ യോജന)**

മഹാത്മാഗാന്ധി ബങ്കാർ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യയായ 330 രൂപയിൽ ഭാരത സർക്കാരിന്റെ വിഹിതം 150 രൂപയും എൽ.ഐ.സി ഓഫ് ഇന്ത്യയുടെ വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 80 രൂപയുമാണ്. ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം എൽ.ഐ.സിയ്ക്ക് നേരിട്ട് നൽകുന്നു. 2019-20 ബഡ്ജറ്റിൽ നെയ്ത്തുകാരുടെ വിഹിതമായ 18 ലക്ഷം രൂപ ഒരു നെയ്ത്തുകാരന് 80 രൂപ നിരക്കിൽ സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് വിഹിതമായി വകയിരുത്തിയിരിക്കുന്നു. ഭാരത സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ സമാനമായ മറ്റേതെങ്കിലും പദ്ധതിയിൽ നിന്നും പ്രസ്തുത ഗുണഭോക്താക്കൾക്ക് ആവർത്തിച്ച് ധനസഹായം ലഭിക്കുന്നില്ല എന്ന് ഭരണ വകുപ്പ് ഉറപ്പാക്കേണ്ടതാണ്. ഹാന്റ്ലൂം ആൻറ് ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

**ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻമണി വായ്പ**

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻമണി വായ്പ നൽകുന്നതിനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം യാൺ ബാങ്കുകൾക്ക് നൂൽ സംഭരിക്കാനും നെയ്ത്തുകാർക്ക് വിതരണം ചെയ്യാനുമായിട്ടുള്ള റിവോൾവിംഗ് ഫണ്ടായിട്ടാണ് മാർജിൻമണി വായ്പ നൽകുന്നത്.

അതോടൊപ്പം ഫാക്ടറി ടൈപ്പ് കൈത്തറി സഹകരണ സംഘങ്ങൾക്കും കോമൺവർക്ക് ഷെഡ് ഉള്ള കോട്ടേജ് ടൈപ്പ് സഹകരണ സംഘങ്ങൾക്കും വർക്ക് ഷെഡിനോട് അനുബന്ധിച്ച് റസ്റ്റ് റൂം വിത്ത് സ്റ്റോർ ഫെസിലിറ്റി, പുതിയ ബാത്ത്റൂം നിർമ്മാണത്തിനും ബാത്ത് റൂം മെയിന്റനൻസിനുമായി പരമാവധി 5 ലക്ഷം രൂപ അനുവദിച്ചു നൽകുന്ന പുതിയ പദ്ധതിയാണിത്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ വനിതകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ഈ പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ